"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- YLMUPS കീഴാറ്റിങ്ങൽ ന്റെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3905/2022/GEDN തീയതി,തിരുവനന്തപുരം, 05-07-2022

---

പരാമർശം:-

1. YLMUPS കീഴാറ്റിങ്ങൽ ന്റെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി
2. 18/05/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/6293/2022-RA1 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

**ഉത്തരവ്**

YLMUPS കീഴാറ്റിങ്ങൽ ന്റെ മാനേജർ പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു.

2. കീഴാറ്റിങ്ങൽ Y LM UP സ്കൂളിൽ 2009-10 തസ്തിക നിർണ്ണയ ഉത്തരവിൽ അറബിക് ടീച്ചറുടെ പാർട്ട്ടൈം തസ്തിക നിലനിർത്തിയും 2010-11 വർഷത്തിലെ കുട്ടികളുടെ എണ്ണം പരിഗണിച്ച് അറബിക് തസ്തിക ഫുൾടൈം ആയി അനുവദിച്ചും ടി രണ്ടു വർഷത്തെയും തസ്തിക നിർണ്ണയ ഉത്തരവുകൾ റിവൈസ് ചെയ്തു നൽകണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ മേൽ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. കീഴാറ്റിങ്ങൽ വൈ.എൽ.എം.യു.പി.എസ്സിലെ 2009-10 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിലെ കുറവ് കാരണം എൽ.ജി അറബിക് തസ്തിക നഷ്ടപ്പെട്ടു. സ്കൂളിൽ അംഗീകാരത്തോടെ ജോലി ചെയ്തിരുന്ന ശ്രീമതി. ഉമൈറത്തുബീവിയെ സ.ഉ.(പി) നം. 226/03/പൊ.വി.വ. തീയതി. 14/06/03 ഉത്തരവിന്റെ

അടിസ്ഥാനത്തിൽ ജോലിയിൽ തുടരാൻ അനുവദിച്ചു.

2009-10 വർഷത്തെ കുട്ടികളുടെ എണ്ണം താഴെ പറയുന്നു.

| Std | 5 | 6 | 7 | ആകെ |
|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 4 | 4 | 5 | 13 |

ശ്രീമതി ഉമൈറത്തുബീവി 31/3/2010 ൽ സേവനത്തിൽ നിന്നും വിരമിച്ചു. 2010-11 തസ്തിക നിർണ്ണയ ഉത്തരവിൽ എൽ.ജി. അറബിക് പാർട്ട്ടൈം തസ്തിക ആ വർഷം ലഭ്യമായ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചു.

2010-11 വർഷത്തെ കുട്ടികളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| Std | 5 | 6 | 7 | ആകെ |
|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 71 | 3 | 4 | 78 |

01/06/2010 ൽ ശ്രീ.ജമീൽ.ജെ യെ മാനേജർ നിയമിച്ചു. അധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ 2010-11 വർഷത്തെ അധിക അറബിക് പാർട്ട്ടൈം തസ്തികയിൽ നിയമന അംഗീകാരം നൽകി.

2009-10 വർഷത്തെ തസ്തിക നിർണ്ണയം തെറ്റാണെന്നും സ്ഥിരം അദ്ധ്യാപിക ജോലി ചെയ്തിരുന്നതിനാൽ തസ്തിക റദ്ദാക്കിയ നടപടി തെറ്റാണെന്നുള്ള മാനേജരുടെ അവകാശ വാദം നിലനിൽക്കുന്നതല്ല. മിനിമം കുട്ടികൾ ഇല്ലാത്തപക്ഷം തസ്തിക അനുവദിക്കാൻ കഴിയില്ല. സ്ഥിരം അധ്യാപികയെ സ.ഉ.(പി) നം. 226/03/പൊ.വി.വ. തീയതി: 14/06/03 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലനിർത്തിയിട്ടുണ്ട്. 2010-11 വർഷം അനുവദിച്ച തസ്തിക പുതിയ തസ്തികയായി മാത്രമേ പരിഗണിക്കാൻ കഴിയൂ. ആയതിൽ അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം മാത്രമേ പരിഗണിക്കാൻ കഴിയൂ. അതുകൊണ്ട് പാർട്ട്ടൈം തസ്തിക അനുവദിച്ച നടപടി ചട്ടപ്രകാരം ശരിയാണ്. മാനേജർ സമർപ്പിച്ചിരുന്ന അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ആർ.എ(1)/071110/2011/ഡി.പി.ഐ/ഡി.ഡിസ്. തീയതി 18/02/2012 പ്രകാരം നിരസിച്ചിട്ടുണ്ട് എന്ന വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. 2009-10 ൽ ടി സ്കൂളിൽ അഞ്ച്, ആറ് ക്ലാസ്സുകളിൽ 4 കുട്ടികൾ വീതവും

ഏഴാംക്ലാസ്സിൽ 5 കുട്ടികളും മാത്രമുള്ളതിനാൽ കെ ഇ ആർ അധ്യായം XXIII ചട്ടം 6C പ്രകാരം യു പി വിഭാഗത്തിൽ സംസ്കൃതം അറബിക് ഉർദ്ദു ഭാഷാധ്യാപക തസ്തികകൾ തുടരുന്നതിന് 5 മുതൽ 7 വരെ ക്ലാസ്സുകളിൽ 30 കുട്ടികൾ അല്ലെങ്കിൽ V-12, VI,-6, VII-3 എന്നക്രമത്തിൽ കുറഞ്ഞത് 21 കുട്ടികൾ പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം. എന്നാൽ 2009-10 ൽ ടി സ്കൂളിൽ അഞ്ച്, ആറ് ക്ലാസ്സുകളിൽ 4 കുട്ടികൾ വീതവും ഏഴാം ക്ലാസ്സിൽ 5 കുട്ടികളും മാത്രമുള്ളതിനാൽ 2009-10 വർഷത്തെ തസ്തിക നിർണ്ണയം തെറ്റാണെന്ന മാനേജരുടെ അവകാശ വാദംനിലനിൽക്കുന്നതല്ല. 2009-10 വർഷം തസ്തിക അനുവദിക്കാത്തതിനാൽ 2010-11 വർഷം അനുവദിച്ച തസ്തിക പുതിയ തസ്തികയായി മാത്രമേ പരിഗണിക്കാൻ കഴിയൂ. ആയതിൽ അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം മാത്രമേ പരിഗണിക്കാൻ കഴിയൂ. ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 18/02/2012 ലെ ആർ.എ (1)/071110/2011/ഡി.പി.ഐ/ഡി.ഡിസ്. തീയതി നടപടി ഉത്തരവ് ക്രമപ്രകാരമാണ് എന്നു കാണുന്നു.

6. മേൽ സാഹചര്യത്തിൽ റിവിഷൻ ഹർജിയിലെ 2009-10 തസ്തിക നിർണ്ണയ ഉത്തരവിൽ അറബിക് ടീച്ചറുടെ പാർട്ട്ടൈം തസ്തിക നിലനിർത്തണമെന്ന ആവശ്യവും 2010-11 വർഷത്തിലെ കുട്ടികളുടെ എണ്ണം പരിഗണിച്ച് അറബിക് തസ്തിക ഫുൾടൈം ആയി അനുവദിക്കണമെന്ന ആവശ്യവും നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ

മാനേജർ, Y.L.M.U.P.S കീഴാറ്റിങ്ങൽ, കീഴാറ്റിങ്ങൽ പി.ഒ, കടയ്ക്കാവൂർ(via), തിരുവനന്തപുരം ജില്ല,-695 306

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 05-07-2022 14:05:47**

സെക്ഷൻ ഓഫീസർ